<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2520</u> <u>23-02-2026 - ൽ മറുപടിയ്ക്ക്</u>

<u>വ്യാവസായിക മേഖലയിലെ വിശദ വിവരങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച ഫാക്ടറികളുടെ എണ്ണം എത്ര; ജില്ല തിരിച്ച് വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | കോട്ടയം ജില്ലയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡ് എന്ന പേരിൽ പുതിയ പൊതുമേഖലാ സ്ഥാപനമാക്കി ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കേന്ദ്ര പൊതുമേഖല സ്ഥാപനമായിരുന്ന ഭെൽ-ഇ.എം.എൽ എന്ന കമ്പനി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കെൽ-ഇ.എം.എൽ എന്ന പേരിൽ പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ KSIDC- യുടെ സാമ്പത്തിക സഹായം ലഭിച്ച 249 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മേൽ കാലയളവിൽ ആരംഭിച്ച മാനുഫാക്ചറിങ് മേഖലയിലെ സംരംഭങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ പുതുതായി 972 വ്യവസായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ വിവിധ ഇൻവെസ്റ്റ്മെന്റ് മീറ്റുകൾ, ഗ്ലോബൽ സമിറ്റുകൾ എന്നിവയിൽ ഒപ്പുവച്ച എം. ഒ. യു.(MoU)കളിൽ എത്ര ശതമാനം മാത്രം യഥാർത്ഥ നിക്ഷേപമായി മാറി; എത്ര പ്രോജക്ടുകൾ ഭൂമിയിടപാട്, പരിസ്ഥിതി അനുമതി, ലോക്കൽ എതിർപ്പ് മുതലായ കാരണങ്ങളാൽ നടപ്പിലാകാതെ നിൽക്കുന്നു; പ്രഖ്യാപിച്ച തൊഴിലവസരങ്ങളിൽ എത്ര എണ്ണം യഥാർത്ഥമായി സൃഷ്ടിച്ചു; | (ബി) | 2025 ഫെബ്രുവരിയിൽ IKGS-Invest Kerala Global Summit-ന്റെ ഭാഗമായി 257 താത്പര്യ പത്രങ്ങൾ ലഭിക്കുകയും 775.96 കോടിയുടെ 33 സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സമ്മിറ്റിലൂടെ കിൻഫ്ര പാർക്കുകളിലൂടെ 374 കമ്പനികളിൽ നിന്നും ഏകദേശം 1.5 ലക്ഷം കോടി രൂപയുടെ ധാരണാപത്രം സമാഹരിച്ചു. ഇവയിൽ 100-ലധികം പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ സംഗമത്തിലൂടെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന 1.80 ലക്ഷം കോടി രൂപയുടെ 449<br><br>ധാരണപത്രങ്ങൾ ലഭിച്ചു. സംഗമം നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് മുൻപ് തന്നെ 54,908.22 കോടി രൂപയുടെ നിക്ഷേപ മൂല്യമുള്ള 115 |

| | | | |
|---|---|---|---|
| | | | താത്പര്യപത്രങ്ങൾ യഥാർത്ഥ നിക്ഷേപങ്ങളായി മാറി. ഇത് മൊത്തം ലഭിച്ച താത്പര്യപത്രങ്ങളുടെ 40.35% -മാണ്. ഈ പദ്ധതികൾ വഴി 66073 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.<br><br>2025 ആഗസ്റ്റ് മാസത്തിൽ നടത്തിയ നിക്ഷേപക സംഗമം പരിപാടിയിലൂടെ ലഭിച്ച 3365.26 കോടി രൂപയുടെ നിക്ഷേപം നടത്തി വരുന്ന 133 സംരംഭങ്ങളുടെ പുരോഗതി വിലയിരുത്തി വരുന്നു.<br><br>അസെൻഡ് - 2020-ന്റെ ഭാഗമായി വിവിധ പദ്ധതികളിന്മേൽ 1106 കോടി രൂപയുടെ നിക്ഷേപം കിൻഫ്ര വഴി ലഭിക്കുകയുണ്ടായി. ഇതേ തുടർന്ന് 6 കമ്പനികൾ കിൻഫ്ര പാർക്കുകളിൽ പ്രവർത്തനം തുടങ്ങി. ഇതിന്റെ ഭാഗമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വിവിധ പാർക്കുകളിലൂടെ 100-ലധികം നിക്ഷേപ യോഗ്യമായ പ്രോജക്ട് പ്രൊഫൈലുകൾ അവതരിപ്പിക്ക പ്പെട്ടുകയും ഒരു ലക്ഷം കോടിയിൽ പരം മൂല്യമുള്ള താത്പര്യപത്രം ലഭിക്കുകയും ചെയ്തു. |
| (സി) | കിൻഫ്ര, കെ. എസ്. ഐ. ഡി. സി. തുടങ്ങിയ ഏജൻസികളുടെ ഇൻഡസ്ട്രിയൽ പാർക്കുകളിൽ എത്ര ശതമാനം ഭൂമി ഉപയോഗത്തിലുണ്ട്; ഉപയോഗിക്കാത്ത ഭൂമിയുടെ വിസ്തൃതി എത്ര; പുതിയ വ്യവസായികൾക്ക് ഭൂമി ലഭിക്കാൻ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാം; | (സി) | കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലെ 90% ഭൂമിയും ഉപയോഗത്തിലാണ്. 500 ഏക്കറോളം ഭൂമി ഇനി അലോട്ട് ചെയ്യാൻ ബാക്കി ഉണ്ട്. ഈ ഭൂമി അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. വ്യവസായ ഭൂമിയുടെ ദൗർലഭ്യത മാത്രമാണ് ഭൂമി ലഭ്യമാക്കാൻ നേരിടുന്ന തടസ്സം.<br><br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വിവിധ വ്യവസായ പാർക്കുകളിലെ 76.18% ഭൂമിയും ഉപയോഗത്തിലാണ്. 179.07 ഏക്കറോളം ഭൂമി ഇനി അലോട്ട് ചെയ്യാൻ ബാക്കി ഉണ്ട്. ഈ ഭൂമി അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് വിവിധ ബജറ്റുകളിലായി വ്യവസായ വകുപ്പിന് അനുവദിച്ച മൂലധന ചെലവ് എത്രയാണ്; ആ ചെലവിന്റെ ഫലമായി ജി. ഡി. പി.-യിൽ വ്യവസായ മേഖലയുടെ ശതമാന വളർച്ച എത്രയായി; ചെലവും ഫലവും തമ്മിലുള്ള അനുപാതം ലഭ്യമാക്കാമോ; | (ഡി) | ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ 29,783.24 ലക്ഷം രൂപയുടെ മൂലധന ചെലവ് ഉണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലൂടെ 640.77 കോടി രൂപയുടെ മൂലധന ചെലവ് ഉണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് 59950 ലക്ഷം രൂപ വകയിരുത്തിയതിൽ 30180.49 ലക്ഷം രൂപയുടെ മൂലധന ചെലവ് ഉണ്ട്.<br><br>വ്യവസായ വകുപ്പിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഇക്കാലയളവിൽ 1331.9 കോടി രൂപ വകയിരുത്തിയതിൽ 670.04 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ആകെ 1910.4473 കോടി രൂപയുടെ മൂലധന ചെലവ് ഉണ്ടായിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ (ജി. എസ്. ഡി. പി.) വ്യവസായ മേഖലയുടെ സംഭാവന കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര ശതമാനം വീതമാണെന്ന് അറിയിക്കുമോ; സംസ്ഥാനം അവകാശപ്പെടുന്ന തരത്തിലുള്ള വ്യാവസായിക വളർച്ചയ്ക്ക് ആനുപാതികമായി സാമ്പത്തിക വളർച്ച സംസ്ഥാനം കൈവരിക്കാത്തത് എന്തുകൊണ്ട്; ഈ സ്ഥിതി വ്യാവസായിക വളർച്ചയെന്നത് പൊള്ളയായ അവകാശവാദമാണെന്ന വിമർശനം ക്ഷണിച്ചു വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാനത്ത് വ്യവസായ മേഖലയിലെ ആകെ മൂലധന നിക്ഷേപം കൃത്യമായി ക്രോഡീകരിച്ച് തിട്ടപ്പെടുത്തിയിട്ടില്ല. വ്യവസായ വകുപ്പിന് കീഴിലും KSIDC, കിൻഫ്ര എന്നിവിടങ്ങളിലും മാത്രം 2020-21 മുതൽ 2025-26 (23/02/2026) വരെ ഉണ്ടായിട്ടുള്ള മൂലധന നിക്ഷേപം 38724 കോടി രൂപയാണ്. എം.എസ്.എം.ഇ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ 2018-2019 മുതൽ 2022-23 വരെയുള്ള അഞ്ചുവർഷത്തെ കേരളത്തിലെ വ്യാവസായിക വികസനം സംബന്ധിച്ച് നടത്തിയ പഠനത്തിൽ 91,575 കോടി രൂപയുടെ നിക്ഷേപം ആകർഷിച്ചിട്ടുള്ളതായും 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 2020-21 മുതൽ 2024-25 വരെ യുള്ള കാലഘട്ടത്തിൽ മാനുഫാക്ചറിംഗ് മേഖലയിൽ മാത്രം 3.4 കോടി രൂപയുടെ ആഭ്യന്തര ഉൽപാദനം ഉണ്ടായിട്ടുണ്ട്.<br><br>2025 ഫെബ്രുവരിയിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി താൽപര്യപത്രം ഒപ്പിട്ട 1.81 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങളിൽ ഒരു വർഷം പൂർത്തിയായപ്പോൾ തന്നെ 54,908.22 കോടി രൂപയുടെ യഥാർത്ഥ നിക്ഷേപം വരുന്ന 115 പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചുകഴിഞ്ഞു. മേൽ പരാമർശിച്ചവയെല്ലാം കഴിഞ്ഞ 5 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദന തോത് ഉയർത്തുന്നതിൽ ഗണ്യമായ സംഭാവന നൽകിയ ഘടകങ്ങളാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മാനുഫാക്ചറിങ് മേഖലയിൽ ആരംഭിച്ച സംരംഭങ്ങൾ

| Sl.No | Districts | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | 171 | 176 | 266 | 371 | 171 |
| 2 | Kollam | 172 | 151 | 194 | 277 | 282 |
| 3 | Pathanamthitta | 131 | 116 | 83 | 100 | 143 |
| 4 | Alappuzha | 233 | 234 | 255 | 267 | 192 |
| 5 | Kottayam | 127 | 131 | 247 | 211 | 82 |
| 6 | Idukky | 140 | 114 | 118 | 120 | 69 |
| 7 | Ernakulam | 417 | 361 | 411 | 378 | 298 |
| 8 | Trissur | 299 | 363 | 324 | 343 | 494 |
| 9 | Palakkad | 269 | 209 | 163 | 309 | 324 |
| 10 | Malappuram | 415 | 472 | 484 | 518 | 314 |
| 11 | Kozhikode | 212 | 254 | 281 | 285 | 178 |
| 12 | Wayanadu | 91 | 52 | 54 | 80 | 113 |
| 13 | Kannur | 178 | 120 | 182 | 301 | 156 |
| 14 | Kasaragod | 83 | 64 | 90 | 66 | 29 |
|  | Kerala | 2938 | 2817 | 3152 | 3626 | 2845 |

# Data for 2016-17 to 2021-22 taken from vyavasayajalakam 2.0 portal and 2022-23 onwards from year of enterprises portal

| Sl.No | Districts | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26* |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | 149 | 1985 | 1031 | 1334 | 539 |
| 2 | Kollam | 196 | 1328 | 828 | 776 | 588 |
| 3 | Pathanamthitta | 94 | 912 | 518 | 533 | 731 |
| 4 | Alappuzha | 198 | 1960 | 1102 | 1379 | 824 |
| 5 | Kottayam | 63 | 1360 | 971 | 802 | 145 |
| 6 | Idukky | 54 | 642 | 427 | 336 | 59 |
| 7 | Ernakulam | 219 | 2198 | 1327 | 1162 | 418 |
| 8 | Trissur | 231 | 2829 | 1840 | 1637 | 721 |
| 9 | Palakkad | 165 | 1646 | 1148 | 1048 | 460 |
| 10 | Malappuram | 204 | 2097 | 1733 | 1515 | 611 |
| 11 | Kozhikode | 130 | 1746 | 1144 | 1012 | 314 |
| 12 | Wayanadu | 47 | 331 | 319 | 260 | 90 |
| 13 | Kannur | 93 | 2286 | 1049 | 921 | 132 |
| 14 | Kasaragod | 15 | 669 | 598 | 519 | 65 |
|  | Kerala | 1858 | 21989 | 14035 | 13234 | 5697 |

*As on 23-02-2026